ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം- ജീവനക്കാര്യം (ഗ്രഡേഷൻ)- സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻററിലെ അസിസ്റ്റൻറ് ട്രെയിനിംഗ് ഓഫീസർ തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

**ജീവനക്കാര്യം (ജി) വിഭാഗം**

**നം. DTETVM/4248/2024-EG3 (EG)** **തിരുവനന്തപുരം, തീയതി : 25-10-2024**

വായന :- 1.14-10-2024 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

2. കാവാലം ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ 04/10/2024 ലെ എ3/577/2024 നമ്പർ കത്ത്

**ഉത്തരവ്**

സൂചന പ്രകാരം ഈ വകുപ്പിന് കീഴിലുള്ള സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻററിലെ അസിസ്റ്റൻറ് ട്രെയിനിംഗ് ഓഫീസർ തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനായുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. വായന 2 പ്രകാരം പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ പരാതി പരിഹരിക്കുന്നതിന്, ശ്രീ അനിൽകുമാർ റ്റി,ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിങ്, നൽകിയ അപേക്ഷയും അനുബന്ധ രേഖകളും കാവാലം ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് അയച്ചിരിക്കുന്നു. ടിയാൻ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിങ് തസ്തികയിൽ 27/11/2019 ൽ സേവനത്തിൽ പ്രവേശിക്കുകയും, 12/12/2020 ൽ നിരീക്ഷണകാലം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടി അപേക്ഷ പരിശോധിച്ചതിൽ, ഈ ഓഫീസിലെ 11/11/2019 ലെ ഇസി3/29594/19/ഡിടിഇ നമ്പർ ഉത്തരവിൽ ക്രമനമ്പർ 7, ശ്രീ അനിൽകുമാർ റ്റി യും, ക്രമനമ്പർ 10, ശ്രീ രാജീവ് ബി യും ആണ്. ഈ സാഹചര്യത്തിൽ, വായന 1 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച, സീനിയോറിറ്റി ലിസ്റ്റിൽ, ക്രമനമ്പർ 3, ശ്രീ രാജീവ് ബി യെ ക്രമനമ്പർ 4 ലേക്കും, ക്രമനമ്പർ 4, ശ്രീ അനിൽകുമാർ റ്റി യെ ക്രമനമ്പർ 3 ലേക്കും മാറ്റി പ്രസ്തുത ലിസ്റ്റ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ടി ജീവനക്കാരൻറെ സ്ഥാനം മേൽ പറയും പ്രകാരം ക്രമീകരിച്ചിട്ടുള്ളതും, പ്രസ്തുത ലിസ്റ്റ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതുമായിരിക്കും.

**SHALIJ P R**

**DIRECTOR**

Signed by
Shalij P R
Date: 25-10-2024 08:00:57

**പകർപ്പ്:-**

**1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന / ഓഫീസ് മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം).**
**2. സൂപ്രണ്ട്. EC സെക്ഷൻ.**
**3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.**